വർക്കുഷോപ്പ് ആൻഡ് ഇൻഡസ്ട്രിയൽ സൊസൈറ്റി' എന്നു പറയുന്നത് ഒരു പ്രത്യേക സ്ഥാപനമാണ്. അതുകൊണ്ടാണ് അതു ആ നിലയിൽ പരിഗണിച്ചത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെയാണെങ്കിൽ മറുപടി പറയുമ്പോഴും പ്രൈവറ്റ് സ്ഥാനപമാണെന്നു പറഞ്ഞാൽ മതിയായിരുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തരസമയം കഴിഞ്ഞിട്ട് വേണമെങ്കിൽ നമുക്ക് ഇതിനെക്കുറിച്ച് സംസാരിക്കാം. ചോദ്യം നമ്പർ 608.

യൂണിറ്റ് ട്രസ്റ്റ് മാതൃക

* 164 (608) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തുള്ള മൂലധനം സമാഹരിച്ച് വ്യാവസായിക മേഖലയിലേക്ക് തിരിച്ചു വിടുന്നതിന് യൂണിറ്റ് ട്രസ്റ്റുമാതൃകയിൽ ഒരു ഏജൻസി സംഘടിപ്പിക്കുന്നതിന് ഗവൺമെൻറ് ആലോചിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ): (എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്താറായിട്ടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഭൂപരിഷ്ക്കരണനിയമം നടപ്പാക്കുമ്പോൾ അതിന് 200 കോടി ഉറുപ്പിക ഈ ഏജൻസിയിൽനിന്നു മൂലധനമായി കിട്ടുമെന്ന് മന്ത്രിയുടെ പ്രസ്താവന കണ്ടു. ജൻമിമാർക്കും പരിധിയിൽ കവിഞ്ഞു ഭൂമിയുള്ള ഭൂവുടമസ്ഥൻമാർക്കും നഷ്ടപരിഹാരത്തുകയായി നൽകേണ്ടിവന്നേക്കാവുന്ന സംഖ്യ എത്രയാണെന്നുള്ളതിനു വല്ല കണക്കും ഗവൺമെൻറിന്റെ കൈയിലുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ ക്ലിപ്തമായി ഇത്ര സംഖ്യ കിട്ടുമെന്നു ഞാൻ പറഞ്ഞിട്ടില്ല. ഭൂപരിഷ്ക്കരണനിയമം നടപ്പിലാകുന്നതോടുകൂടി ഈ ഇനത്തിൽ കിട്ടാവുന്ന തുക സമാഹരിച്ച് അതു വ്യവസായമേഖലയിലേക്കു ഉപയോഗിക്കണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. അത്നുള്ള ആലോചനകൾ സാമ്പത്തികവിദഗ്ദ്ധൻമാരുമായും നിയമപണ്ഡിതൻമാരുമായും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ മൂലധന ഏജൻസിക്ക് വൻ വ്യവസായങ്ങൾ നേരിട്ടുസ്ഥാപിച്ചു നടത്താൻ എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതിനെസംബന്ധിച്ചെല്ലാം കാര്യമായ ആലോചനകൾ നടന്നുവരികയാണ്.

ശ്രീ. കെ. എം. മാണി: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏതെങ്കിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര? എന്തു നടപടി സ്വീകരിച്ചു ?

ശ്രീ. പി. രവീന്ദ്രൻ: ചില വ്യവസായങ്ങൾ നടത്താൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഈ ട്രസ്റ്റ് രൂപീകരിക്കാൻ എന്തു കാല താമസമുണ്ടാകുമെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: വളരെവേഗതയിൽ ഇതിന്റെ നടപടികളും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. നിയമോപദേശം ആവശ്യപ്പെട്ടിട്ടുണ്ട് ആ ഉപദേശം കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ വ്യക്തമായ രൂപം നൽകാൻ കഴിയും.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: യൂണിറ്റ് ട്രസ്റ്റ് വ്യവസ്ഥയിൽനിന്ന് എന്തുമാത്രം തുക സംഭരിക്കാൻകഴിയുമെന്നാണ് കരുതുന്നത്?

ശ്രീ. പി. രവീന്ദ്രൻ: കൃത്യമായി പറയാൻ കഴിയുകയില്ല. എല്ലാം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. എ. ഹമീദ്: ഭൂപരിഷ്കരണനിയമം നടപ്പിലാകുമ്പോൾ ഗവൺമെന്റ് കൊടുക്കേണ്ട തുക ഈ രീതിയിൽ വിനിയോഗിക്കണം എന്നുള്ള നിർദ്ദേശം ലാൻഡ് ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തപ്പോൾ ഞാൻ വയ്ക്കുകയുണ്ടായി. അന്ന് അത് അപ്രായോഗികമാണെന്നു പറഞ്ഞിരുന്നവർ ഇന്ന് പ്രായോഗികമാണെന്നു പറയാനെന്താണു കാരണം?

ശ്രീ. പി. രവീന്ദ്രൻ: സർ, അതു പ്രായോഗികമാണോ അപ്രായോഗികമാണോ എന്നുള്ള കാര്യമാണു പരിശോധിച്ചുകൊണ്ടിരിക്കുന്നത്. സാമ്പത്തികവിദഗ്ദ്ധൻമാരുടേയും നിയമപണ്ഡിതൻമാരുടെയും അഭിപ്രായം കിട്ടിയ ശേഷംമാത്രമേ അതിനെസംബന്ധിച്ചു വ്യക്തമായി പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. കെ. എ. ഹമീദ്: അന്ന് ഞാൻ ഇത് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട പല ആളുകളും പല അഭിപ്രായങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. ഇപ്പോൾ അത് കൊള്ളാമെന്നു പറയുന്നതെന്താണ്?

ശ്രീ. ഇ. അഹമ്മദ്: യൂണിറ്റ് ട്രസ്റ്റിനെക്കുറിച്ച് ചർച്ചകൾ നടത്തുന്നുണ്ടെന്നു പറഞ്ഞു. അതിനു പ്രത്യേകം ഏജൻസി സംഘടിപ്പിച്ചിട്ടുണ്ടോ? സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? സംഘടിപ്പിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ഹമീദ് സാഹിബിനെപ്പോലുള്ള സാമ്പത്തിക വിദഗ്ദ്ധൻമാരെക്കൂടി അതിലുൾപ്പെടുത്തുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇതിൽ അഭിപ്രായം പറയാൻകഴിവുള്ള ആളുകളുടെ ഉപദേശം സ്വീകരിക്കാൻ തയ്യാറാണ്.

ശ്രീ. സി. കണ്ണൻ: യൂണിറ്റ് ട്രസ്റ്റ് മാതൃകയിലുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തണമെന്നുള്ള എൽ. ഐ. സി. ചെയർമാന്റെ പ്രസ്താവന വന്നശേഷം നമ്മുടെ സഭയിലെ ബഹുമാനപ്പെട്ട അംഗവും മുൻമന്ത്രിയുമായ എം. എൻ. ഗോവിന്ദൻനായർ അതിനെ വളരെയധികം പുകഴ്ത്തുകയും മറ്റും ചെയ്തുകൊണ്ട് പ്രസ്താവന ഇറക്കിയിട്ടുണ്ട്. അതിനെസംബന്ധിച്ച വല്ല വിവരവും വെളിപ്പെടുത്താറായിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതിന്റെ വിവരങ്ങൾ വെളിപ്പെടുത്താറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly